ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളം ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും നിയമസഭാ തിരഞ്ഞെടുപ്പിനായി 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ നിയോഗിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission has deployed over 25 lakh Officials for violence-free, inducement-free elections in four states, including Kerala, and the Union Territory of Puducherry.**

2. സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. നാമനിർദേശ പത്രികാ സമർപ്പണം തിങ്കളാഴ്ച വരെ. പൊതുഅവധി ദിവസങ്ങളിൽ പത്രിക സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **Election campaigning in Kerala has intensified. The submission of nomination papers will continue till Monday. Chief Electoral Officer Rathan U. Kelkar stated that nomination papers will not be accepted on public holidays.**

3. ദേശീയ പാതകളിലെ ടോൾ നിരക്കുകൾ ഭേദഗതി ചെയ്ത് റോഡ് ഗതാഗത - ഹൈവേ മന്ത്രാലയം.

**The Government has notified the amendment of National Highways Fee Rules, 2026 to strengthen toll compliance on National Highways.**

4. **ഗൾഫ് മേഖലയിൽ ഇന്ത്യൻ നാവികരും കപ്പലുകളും സുരക്ഷിതരാണെന്ന് കേന്ദ്ര സർക്കാർ. പശ്ചിമേഷ്യ മേഖലയിലേക്ക് എയർഇന്ത്യയും എയർഇന്ത്യ എക്സ്പ്രസും ഇന്ന് 48 സർവീസ് നടത്തും.**

   **The Union Government has stated that Indian naval personnel and ships are safe in the Gulf region. Air India and Air India Express will operate 48 services to the West Asia region today.**

5. **ഇറാനിൽ പ്രകൃതിവാതക പാടത്ത് യുഎസ് - ഇസ്രയേൽ സഖ്യം ഏകോപിത ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി.**

   **Tensions across West Asia rose sharply as facilities linked to the world's largest natural gas field in Iran came under a coordinated US-Israeli strike.**

6. **ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ആയുഷ് ഷെട്ടി പ്രീക്വാർട്ടറിൽ കടന്നു.**

   **In Orléans Masters badminton tournament, Ayush Shetty has advanced to the pre-quarterfinals in the men's singles.**

## PRESIDENT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉത്തർപ്രദേശിലെത്തും. അയോധ്യയിലെ

ശ്രീരാമക്ഷേത്ര ദർശനം നടത്തുന്ന രാഷ്ട്രപതി പിന്നീട് മഥുരയിലേക്ക് പോകും. വിവിധ പരിപാടികളിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## EC OFFICIALS DEPLOYMENT

നാല് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ നിയോഗിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. 832 നിയമസഭാ മണ്ഡലങ്ങളിലായി 1000 -ത്തിലധികം കേന്ദ്ര നിരീക്ഷകരെയും നിയോഗിച്ചിട്ടുണ്ട് . 557 പൊതു നിരീക്ഷകരും, 188 പോലീസ് നിരീക്ഷകരും, 366 ചെലവ് നിരീക്ഷകരും ഇതിൽ ഉൾപ്പെടുന്നു. വോട്ടെണ്ണലിനായി 15,000 മൈക്രോ നിരീക്ഷകരെയും കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതം. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക ഇതിനകം പുറത്തിറക്കി. ഈ മാസം 23 വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

## NOMINATION SUBMIT

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പൊതുഅവധി ദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 23 ആണ്. 1951-ലെ ജനപ്രാതിനിധ്യ നിയമപ്രകാരം പൊതുഅവധി ദിവസങ്ങളിൽ വരണാധികാരികൾക്ക് നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കാൻ അനുവാദമില്ലെന്ന് അദ്ദേഹം പറഞ്ഞു. റമദാൻ പ്രമാണിച്ച് നാളെ പൊതുഅവധി ആയതിനാൽ പത്രികകൾ സ്വീകരിക്കില്ല. പത്രികാ സമർപ്പണത്തിന് പരിമിതമായ സമയം മാത്രമേ ലഭ്യമാകൂ എന്നതിനാൽ, രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികൾക്ക് ഇതു സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകണമെന്നും ശ്രീ. രത്തൻ യു ഖേൽക്കർ അറിയിച്ചു.

## ELECTION –RESTRICTIONS(INTRO)

നിയസഭാ തെരഞ്ഞെടുപ്പു പ്രചാരണത്തോട് അനുബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ താൽക്കാലിക ഓഫിസുകൾ സ്ഥാപിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ബാധകമാക്കും. ***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**SIR**

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**IDUKKI COLLECTOR (INTRO)**

നിയമസഭാ തിരഞ്ഞെടുപ്പിന് ഇടുക്കി ജില്ല പൂർണ്ണ സജ്ജമെന്ന് ജില്ലാ കളക്ടർ ദിനേശൻ ചെറുവാട്ട് ആകാശവാണി വാർത്തകളോട് പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**KANNUR-ELECTION**

മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ ധർമ്മടം നിയോജക മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി ഇന്ന്

നാമനിർദ്ദേശപത്രിക സമർപ്പിക്കും. തലശ്ശേരി ജില്ലാ രജിസ്ട്രാർ ഓഫീസിലാണ് പത്രിക സമർപ്പിക്കുന്നത്. പേരാവൂർ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി സണ്ണി ജോസഫിന്റെ റോഡ് ഷോ ഇന്ന് വൈകിട്ട് ഇരിട്ടിയിൽ നടക്കും. അഴീക്കോട് നിയോജക മണ്ഡലം എൻ ഡി എ സ്ഥാനാർഥി കെ കെ വിനോദ് കുമാറിന്റെ തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസിൻറെ ഉദ്ഘാടനവും റോഡ് ഷോയും ഇന്ന് പുതിയതെരുവിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## WB-ECI ISSUES

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ പശ്ചാത്തലത്തിൽ നിരവധി ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന 11 ജില്ലാ മജിസ്ട്രേറ്റുമാരും ഇതിൽ ഉൾപ്പെടുന്നു. സ്ഥലം മാറ്റം ലഭിച്ച ഉദ്യോഗസ്ഥർ നൽകിയിരിക്കുന്ന ചുമതലകൾ ഏറ്റെടുത്ത ശേഷം ഇന്ന് വൈകിട്ട് 3 മണിയോടെ റിപ്പോർട്ട് നൽകണമെന്നും കമ്മീഷൻ നിർദേശം നൽകി. നേരത്തെ ഡി ഐ ജി റാങ്കിലുണ്ടായിരുന്ന 5 പേരെയും മാറ്റിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## NATIONAL HIGHWAY RULE

ദേശീയ പാതകളിലെ ടോൾ നിരക്കുകൾ ഭേദഗതി ചെയ്ത് റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം. ടോൾ പിരിവുകൾ

സുഗമമാക്കാൻ ഇ - നോട്ടീസ് സംവിധാനം നിലവിൽ വരും. വാഹനങ്ങളെ സുഗമമായി തിരിച്ചറിയുന്നതിനും അടയ്ക്കാത്ത കുടിശ്ശികകൾ നടപ്പിലാക്കുന്നതിനും ദേശീയ ഇലക്ട്രോണിക് ടോൾ പിരിവ് സംവിധാനത്തെ വാഹൻ ഡാറ്റാബേസുമായി ബന്ധിപ്പിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

## WEST ASIA-CONFLICT

ഇറാനിൽ ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിവാതക പാടത്ത് യുഎസ്--ഇസ്രയേൽ സഖ്യം ഏകോപിത ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി. അസലുയെ സ്പെഷ്യൽ ഇക്കണോമിക് എനർജി സോണിലെ വാതക പ്ലാന്റുകളും പെട്രോകെമിക്കൽ സൗകര്യങ്ങളും ലക്ഷ്യമിട്ടായിരുന്നു ആക്രമണം. ഫെബ്രുവരി 28ന് സംഘർഷം ആരംഭിച്ചതിനുശേഷം ഇറാന്റെ ഊർജ അടിസ്ഥാന സൗകര്യങ്ങൾക്കെതിരെ നേരിട്ടുള്ള ആദ്യ ആക്രമണമാണിത്.

ഇസ്രായേലിനെതിരായ ഇറാനിയൻ മിസൈൽ ആക്രമണങ്ങളും ഹോർമുസ് കടലിടുക്കിലെ ഉപരോധവും ഇറാൻ തുടരുകയാണ്. സൗദി അറേബ്യ, യുഎഇ, ഖത്തർ എന്നിവിടങ്ങളിൽ ജീവനക്കാരെ ഒഴിപ്പിക്കാൻ ഇസ്ലാമിക് റെവല്യൂഷനറി ഗാർഡ് കോർപ്സ് ആവശ്യപ്പെട്ടു. സംഘർഷം വ്യാപിക്കുന്നത് പ്രാദേശിക സ്ഥിരതയ്ക്കും ആഗോള ഊർജ സുരക്ഷയ്ക്കും കടുത്ത ഭീഷണിയാണെന്ന് ഖത്തറും യുഎഇയും പ്രതികരിച്ചു. ഊർജ സ്രോതസ്സുകളെ ലക്ഷ്യമിടുന്നത് ആഗോള ഊർജ സുരക്ഷയെ

അപകടത്തിലാക്കുമെന്ന് ഖത്തർ ചൂണ്ടിക്കാട്ടി. സംഘർഷം രൂക്ഷമാകുന്നതിനിടെ, ആഗോളവിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ആറ് ശതമാനം ഉയർന്ന് ബാരലിന് 110 ഡോളറിലെത്തി. യൂറോപ്യൻ ഗ്യാസ് ബെഞ്ച്മാർക്ക് ഏഴ് ശതമാനത്തിലധികം ഉയർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## QATAR – IRAN

ഖത്തറിലെ റാസ് ലഫാൻ ഇൻഡസ്ട്രിയൽ സിറ്റിയിൽ ഇറാനിയൻ മിസൈൽ ആക്രമണം. തീപിടുത്തത്തിൽ വ്യാപക നാശനഷ്ടങ്ങൾ ഉണ്ടായതായും, ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ഖത്തർ എനർജി കമ്പനി അറിയിച്ചു.
അതേസമയം, ഇറാനിയൻ നയതന്ത്രജ്ഞർ, സൈനിക, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവർ 24 മണിക്കൂറിനുള്ളിൽ രാജ്യം വിടാൻ ഖത്തർ വിദേശകാര്യ മന്ത്രാലയം ഉത്തരവിട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## COMMERCIAL LPG REFORM

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്കുള്ള വാണിജ്യ എൽ പി ജികളുടെ വിഹിതം 20 നിന്ന് 30 ശതമാനമായി വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. എൽ പി ജിയിൽ നിന്നും പി എൻ ജിയിലേക്കുള്ള ദീർഘകാല മാറ്റത്തിന് ഇത് സഹായകമാകുമെന്ന് ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ പെട്രോളിയം -

പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി നീരജ് മിത്തൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJESH KUMAR SINHA (INTRO)

ഗൾഫ് മേഖലയിൽ ഇന്ത്യൻ നാവികരും കപ്പലുകളും സുരക്ഷിതരാണെന്ന് തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയ സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ. പശ്ചിമേഷ്യയിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൺട്രോൾ റൂമിൽ ലഭിച്ച 125 ഫോൺ കോളുകൾക്കും നാനൂറ്റി അൻപതോളം

ഇ-മെയിലുകൾക്കും മറുപടി നൽകിയതായും ശ്രീ രാജേഷ് കുമാർ സിൻഹ പറഞ്ഞു.

***(ഹോൾഡ് വോയ്സ്)***

❁❁❁❁❁❁❁❁❁❁❁❁❁

## AIR INDIA-WEST ASIA FLIGHTS

പശ്ചിമേഷ്യ മേഖലയിലേക്കും തിരിച്ചും എയർഇന്ത്യയും എയർഇന്ത്യ എക്സ്പ്രസും ഇന്ന് 48 സർവീസ് നടത്തും. ജിദ്ദയിലേക്കും മസ്കത്തിലേക്കും പതിവ് സർവീസുകൾ തുടരും. എയർഇന്ത്യ എക്സ്പ്രസ് കോഴിക്കോട്, ബെംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിൽനിന്ന് സർവീസ് നടത്തും.

എയർഇന്ത്യ ഡൽഹിയിൽനിന്നും മുംബൈയിൽനിന്നും ഓരോ റിട്ടേൺ സർവീസ് ഷെഡ്യൂൾ ചെയ്തിട്ടുണ്ട്.

മസ്കത്തിൽനിന്ന് കോഴിക്കോട്, ഡൽഹി, മുംബൈ എന്നിവിടങ്ങളിലേക്ക് ആറ് ഷെഡ്യൂൾ ഫ്ളൈറ്റുകളുണ്ട്. പ്രാദേശിക പ്രവർത്തന സാഹചര്യങ്ങൾക്കു വിധേയമായി, യുഎഇയിലേക്കും സൗദി അറേബ്യയിലേക്കും 30 നോൺ-ഷെഡ്യൂൾഡ് വിമാനങ്ങളും സർവീസ് നടത്തുമെന്ന് വ്യോമയാന കമ്പനികൾ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON-ORLEANS MASTERS

ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ആയുഷ് ഷെട്ടി, പ്രീക്വാർട്ടറിൽ കടന്നു. ഫ്രാൻസിലെ പാലൈസ് ഡെസ് സ്പോർട്സിൽ ഇന്നലെ നടക്കുന്ന ടൂർണമെന്റിൽ, വനിതാ സിംഗിൾസിൽ അൻമോൾ ഖാർബ്, തൻവി ശർമ്മ, മാൾവിക ബൻസോദ്, ഇഷാരാണി ബറുവ എന്നിവരും രണ്ടാംറൗണ്ടിലെത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## ISHAN KISHAN- INTERIM CAPTAIN (IPL)

ഇന്ത്യൻ പ്രീമിയർ ലീഗിലെ ആദ്യ മത്സരങ്ങളിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ ഇഷാൻ കിഷൻ നയിക്കും. ക്യാപ്റ്റൻ പാറ്റ് കമ്മിൻസ് പരിക്കിൽനിന്ന് മുക്തനാകാത്ത സാഹചര്യത്തിലാണ് തീരുമാനം.

ഈ മാസം 28ന് നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെയാണ് സൺറൈസേഴ്സിന്റെ ആദ്യ പോരാട്ടം.